(ബി) ടി ഇനത്തിൽ കോട്ടയം താലൂക്കിലുള്ള റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് കൊടുക്കുവാനുള്ള തുക എത്ര ;

(സി) ഹോൾസെയിൽ വ്യാപാരികൾക്ക് ടി ഇനത്തിൽ റീഫണ്ട് ചെയ്യേണ്ടതായി ഉണ്ടോ ;

(ഡി) റേഷൻ വ്യാപാരികൾക്ക് നൽകേണ്ടതായ പണം എത്രയും വേഗത്തിൽ റീഫണ്ട് ചെയ്യുവാൻവേണ്ട നടപടി ഗവണ്മെൻറ് സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) രൂപ 27,529—2—6.

(ബി) രൂപ 3,435—12—2.

(സി) ഉണ്ട്. രൂപ 7,012—5—8 റീഫണ്ട് ചെയ്യേണ്ടതായുണ്ട്.

(ഡി) റേഷൻ വ്യാപാരികൾക്ക് നൽകേണ്ടതായ പണം എത്രയും വേഗത്തിൽ റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഹൈസ്കൂൾ പണ്ഡിറ്റ് നിയമനം.

* 1057. [58] ശ്രീ. കെ. എസ്. കൃഷ്ണൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ പണ്ഡിറ്റായി മഹോപാദ്ധ്യായന്മാരെ നിയമിക്കുന്നതിന് പ്രത്യേകമായി എന്തു വ്യവസ്ഥയാണ് ഏർപ്പെടുത്തിയിരുന്നത് ;

(ബി) ഈ വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഹൈസ്കൂളുകളിൽ ഉണ്ടാകുന്ന മലയാളം, സംസ്കൃതപണ്ഡിറ്റുകളുടെ ഒഴിവുകളിൽ 50 ശതമാനം മഹോപാദ്ധ്യായന്മാർക്ക് റിസർവു ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) പണ്ഡിറ്റുകളുടെ ശമ്പളം പരിഷ്കരിക്കുകയും പരീക്ഷായോഗ്യതകൾ നിർണ്ണയിക്കുകയും ചെയ്തപ്പോൾ പണ്ഡിറ്റ് നിയമനത്തിനാവശ്യമുള്ള പരീക്ഷായോഗ്യതകൾ സിദ്ധിച്ചിട്ടുള്ള എല്ലാവർക്കും ഉദ്യോഗലബ്ധിയിൽ ഒരുപോലെ സൗകര്യങ്ങൾ കിട്ടുന്നതിനുവേണ്ടി മേൽപറഞ്ഞ 50 ശതമാനം റിസർവുചെയ്യുന്ന ഏർപ്പാട് നിറുത്തുകയുണ്ടായി. എന്നാൽ പണ്ഡിറ്റായി നിയമനമുണ്ടാകുമ്പോൾ മഹോപാദ്ധ്യായന്മാർക്കുകൂടി നിയമനം കിട്ടുന്നതിനായി മുന്നിലൊന്നുഭാഗം ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്യുമെന്ന വ്യവസ്ഥയുള്ളതും അങ്ങനെയുള്ള റിക്രൂട്ടുമെൻറ് കിട്ടുന്നതിനു മഹോപാദ്ധ്യായന്മാർക്കുകൂടി അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly